LIBRARY ARCHIVES Kerala Legislative Assembly

മാരിടൈം അക്കാഡമി

149 (215) ശ്രീ. എൻ. അനിരുദ്ധൻ :
ശ്രീ. എ. കെ. ചന്ദ്രൻ :
ശ്രീ. ബാബു പോൾ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവാക്കൾക്ക് കപ്പലുകളിലും ബോട്ടുകളിലും വിവിധ തരത്തിലുള്ള ജോലികൾ ലഭിക്കുന്നതിന് വേണ്ടിയുള്ള കോഴ്സുകൾ സർക്കാർ തലത്തിൽ ഇപ്പോൾ നടത്തിവരുന്നുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം തരത്തിലുള്ള കോഴ്സുകളാണ് നടത്തിവരുന്നതെന്നു വ്യക്തമാക്കുമോ ;

(ബി) സംസ്ഥാനത്ത് മാരിടൈം അക്കാഡമിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ അതാരംഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) കേരള മാരിടൈം സൊസൈറ്റിയുടെ കീഴിലുള്ള നീണ്ടകരയിലെയും കാസർഗോഡിലെ മീഞ്ചയിലെയും മാരിടൈം ഇൻസ്റ്റിറ്റ്യൂട്ടുകൾ യുവാക്കൾക്ക് സർക്കാർതലത്തിൽ ബോട്ട് ട്രെയിനിംഗ് പ്രോഗ്രാം, ഇൻലന്റ് വെസ്സൽ റൂൾ 2010 പ്രകാരമുള്ള പരിശീലന പരിപാടി എന്നിവ നടത്തിവരുന്നു.

(ബി) സംസ്ഥാനത്ത് കേരള മാരിടൈം സൊസൈറ്റിയുടെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സർക്കാർ തലത്തിൽ മാരിടൈം അക്കാഡമി എന്ന പേരിൽ ഒരു സ്ഥാപനം ആരംഭിച്ചിട്ടില്ല.

യുവജനക്ഷേമ ബോർഡ് നൽകുന്ന സഹായങ്ങൾ

150 (216) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) യുവജനക്ഷേമ ബോർഡ് എന്തെല്ലാം കാര്യങ്ങൾക്കാണ് ധനസഹായം നൽകിവരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇത് സംബന്ധമായി ഇറങ്ങിയിട്ടുള്ള സർക്കാർ ഉത്തരവുകൾ, സർക്കുലറുകൾ യുവജനക്ഷേമ ബോർഡിന്റെ ഉത്തരവുകൾ എന്നിവയുടെ പകർപ്പുകൾ ലഭ്യമാക്കുമോ ?

ഉത്തരം

(എ) യുവജനക്ഷേമ ബോർഡ് താഴെപറയുന്ന പരിപാടികൾക്ക് ധനസഹായം നൽകിവരുന്നു.

1. സ്വയംതൊഴിൽ പരിശീലനം
2. ബോധവൽക്കരണ ക്ലാസുകൾ/സെമിനാറുകൾ

3. നേതൃത്വ പരിശീലനങ്ങൾ

4. സാഹസിക പരിശീലന പരിപാടികൾ

5. കാർഷിക വികസന പദ്ധതികൾ

6. നാടൻ കലാപരിശീലനം

ഇവ കൂടാതെ ക്ലബുകൾ തയ്യാറാക്കി സമർപ്പിക്കുന്ന പ്രോജക്ടുകൾക്ക് ധനസഹായം നൽകുന്ന കാര്യവും പരിഗണിക്കുന്നുണ്ട്.

(ബി) സർക്കാരിൽ നിന്നും യുവജനക്ഷേമ ബോർഡിന് വർഷാവർഷം അനുവദിക്കുന്ന ഗ്രാന്റ് ഉപയോഗിച്ച് യൂത്ത് വെൽഫയർ ബോർഡിന്റെ ഡയറക്ടർ ബോർഡ് തീരുമാനിക്കുന്ന പദ്ധതികൾ/പരിപാടികൾക്കാണ് ധനസഹായം നൽകിവരുന്നത്. ധനസഹായം നൽകുന്നതിനാധാരമായ കഴിഞ്ഞ രണ്ടു വർഷത്തെ ബോർഡ് തീരുമാനങ്ങളുടെ പകർപ്പുകൾ ഉള്ളടക്കം ചെയ്യുന്നു.*

യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ

151 (217) ശ്രീ. എം. കെ. പ്രേംനാഥ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തുറമുഖവും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദീകരിക്കുമോ ;

(ബി) യുവജനക്ഷേമ ബോർഡിൽ യൂത്ത് കോ-ഓർഡിനേറ്റർ, ജില്ലാ യൂത്ത് പ്രോംഗ്രാം ഓഫീസർ എന്നിവരെ നിയമിക്കുന്നതിന്റെ മാനദണ്ഡം എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ ;

(സി) യൂത്ത് കോ-ഓർഡിനേറ്റർമാർക്കും ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർമാർക്കും നൽകിവരുന്ന സേവന വേതനങ്ങളും ആനുകൂല്യങ്ങളും എത്രയെന്ന് വെളിപ്പെടുത്തുമോ ;

(ഡി) നിലവിലുള്ള യൂത്ത് കോ-ഓർഡിനേറ്റർമാരെയും ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർമാരെയും സ്ഥിരപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ ; വെളിപ്പെടുത്തുമോ ;

(ഇ) സംസ്ഥാനത്ത് ഇപ്പോൾ പ്രവർത്തിച്ചുവരുന്ന യൂത്ത് കോ-ഓർഡിനേറ്റർമാരും ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർമാരും ആരൊക്കെയാണെന്ന് ജില്ലയും പേരും സഹിതം വെളിപ്പെടുത്തുമോ ;

(എഫ്) യൂത്ത് കോ-ഓർഡിനേറ്റർമാരുടെയും ജില്ലാ യൂത്ത് പ്രോഗ്രാം ഓഫീസർമാരുടെയും തസ്തികയിലേക്കുള്ള നിയമനം പി.എസ്.സി.-ക്ക് വിടാൻ നടപടി സ്വീകരിക്കുമോ ?

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly